# Telephone Conversation between Prime Minister and H.E. Ursula Von Der Leyen, President of the European Commission

March 24, 2020

## പ്രധാനമന്ത്രിയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നും തമ്മിലുള്ള ടെലിഫോൺ സംഭാഷണം.

**മാർച്ച് 24, 2020**

പ്രധാനമന്ത്രി നരേന്ദ്ര മോഡി യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി. കോവിഡ് -19 പകർച്ചവ്യാധി പശ്ചാത്തലത്തിലെ ആഗോള സാഹചര്യം രണ്ടു നേതാക്കളും ചർച്ച ചെയ്തു.

യൂറോപ്യൻ യൂണിയനിൽ കോവിഡ് -19 മൂലമുണ്ടായ ജീവഹാനിയിൽ പ്രധാനമന്ത്രി അനുശോചനം രേഖപ്പെടുത്തി. പകർച്ചവ്യാധിയോട് നേരിടുന്നതിന് എല്ലാ രാജ്യങ്ങളും തമ്മിൽ ഏകോപനവും സഹകരണവും ആവശ്യമാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. കൊറോണവൈറസ് മൂലമുള്ള അണുബാധ തടയുന്നതിന് ഇന്ത്യ സ്വീകരിച്ച നടപടികളെക്കുറിച്ചും പ്രധാനമന്ത്രി വിശദമായി സംസാരിച്ചു.

പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ നേരത്തെ തന്നെ പ്രതിരോധ നടപടികൾ സ്വീകരിച്ചതാണ് ഇന്ത്യയിൽ രോഗം വേഗത്തിൽ പടരുന്നത് തടഞ്ഞു നിർത്താനായതിന്റെ പ്രധാന കാരണമെന്നു ഉർസുല വോൺ ഡെർ ലെയ്ൻ പരാമർശിച്ചു. ഇത്തരമൊരു സാഹചര്യത്തിൽ യൂറോപ്യൻ പൗരന്മാർക്ക് നൽകിയ സഹായത്തിനും അവർ നന്ദി രേഖപ്പെടുത്തി.

മരുന്നുകൾ ഉൾപ്പടെയുള്ള അവശ്യ വസ്തുക്കളുടെ സ്ഥിരമായ വിതരണവും വാക്സിൻ തയ്യാറാക്കുന്നതിനുള്ള ഏകോപിപ്പിച്ച പരിശ്രമങ്ങളും നിലനിർത്തുന്നതിനുള്ള പ്രാധാന്യം ഉർസുല വോൺ ഡെർ ലെയ്ൻ ഊന്നിപ്പറഞ്ഞു.

G20 ഘടനയ്ക്കുള്ളിൽ സാധ്യമായ സഹകരണവും , ഈ പശ്ചാത്തലത്തിലുള്ള വരാനിരിക്കുന്ന വീഡിയോ കോൺഫറൻസും ഇരു നേതാക്കളും ചർച്ച ചെയ്തു.

**ന്യൂ ഡൽഹി**

**24 മാർച്ച്, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.